PALAKKAD
**Rupatha Bulletin**



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

## ഉള്ളടക്കം

ഇടയലേഖനം ..................................................03
Bishop's Engagement...................................09
From the Bishop's Office.............................11
Diocesan Day Collection..............................12
നിത്യാരാധനാ കപ്പേള...................................13
വിശ്വാസപരിശീലനവേദി................................14
ബൈബിൾ അപ്പോസ്സലേറ്റ്............................20
തിരുബാലസഖ്യം...........................................20
സി.എൽ.സി................................................21
കെ.സി.വൈ.എം.........................................22
ജീസസ് യൂത്ത്.............................................24
മാതൃസംഘം................................................24
ഫാമിലി അപ്പോസ്സലേറ്റ്...............................25
മദ്യവിരുദ്ധ സമിതി....................................... 25
പി. എസ്. എസ്. പി.....................................27
From the Bishop's Diary..............................30

468/2012
28-11-2012

# ഇടയലേഖനം-121

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

വിശ്വാസപ്രമാണത്തിൽ ഉൾക്കൊള്ളുന്ന കാര്യങ്ങളെ പറ്റി ശരിയായ അറിവ് നേടാനുള്ള അവസരമാണ് വിശ്വാസ വർഷാചരണം. "പാപങ്ങളുടെ മോചനത്തിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് നാം ഏറ്റുപറയുന്നുണ്ട്. പാപമോചനത്തിലുള്ള നമ്മുടെ വിശ്വാസത്തെ പറ്റി ഏതാനും കാര്യങ്ങൾ ഇപ്രാവശ്യം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മംഗളവാർത്താകാലത്തിലേക്ക് നാം പ്രവേശിച്ചുകഴിഞ്ഞു. മനുഷ്യാവതാര രഹസ്യത്തെപ്പറ്റിയാണ് ക്രിസ്തുമസിനുമുമ്പുള്ള നാല് ആഴ്ചകളിൽ നാം ധ്യാനിക്കുന്നത്. ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതിന്റെ പ്രധാനലക്ഷ്യം മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുകയെന്നതായിരുന്നു. ഗർഭിണിയായ മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ദൈവദൂതൻ യൗസേപ്പിനോടു പറഞ്ഞത്" അവൾ ഒരു പുത്രനെ പ്രസവിക്കും, നീ അവന് യേശു എന്ന് പേരിടണം, എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും" എന്നാണ്. യേശു എന്ന പേരിന്റെ അർത്ഥം "ദൈവം രക്ഷിക്കുന്നു" "ദൈവം മോചിപ്പിക്കുന്നു" എന്നാണ്. മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കാനാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത് എന്ന് ദൂതന്റെ സന്ദേശത്തിൽ നിന്ന് വ്യക്തമാണല്ലോ. " ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ് സ്നാപകയോഹന്നാൻ യേശുവിനെ പരിചയ





പ്പെടുത്തികൊണ്ട് തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ച് ഉത്ഥാനം ചെയ്തുകൊണ്ട് ഈശോ നമ്മെ പാപത്തിൽ നിന്ന് മോചിപ്പിക്കുകയും നിത്യജീവന് അവകാശികളാക്കുകയും ചെയ്തു. മാമോദീസാ വഴി നാം മിശിഹായുടെ മരണോത്ഥാനങ്ങളിൽ പങ്കുചേരുകയും ദൈവവുമായി അനുരഞ്ജിതരാവുകയും ദൈവമക്കളായി തീരുകയും ചെയ്യുന്നു.

പാപത്തെ സർവ്വഥാ വെടിഞ്ഞ നാം വീണ്ടും പാപത്തിൽ വീണാൽ നമുക്ക് ലഭിച്ച ദൈവപുത്രസ്ഥാനം നഷ്ടപ്പെടുന്നില്ല. പാപത്തെ പറ്റി മനസ്തപിച്ച് ദൈവത്തോട് പാപമോചനം യാചിച്ചാൽ അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിക്കും. അനുരഞ്ജനകൂദാശ അഥവാ കുമ്പസാരം വഴിയാണ് നാം ദൈവത്തോടും സഹോദരരോടും നമ്മോടു തന്നെയും രമ്യതയിലാകുന്നത്. ഈ കൂദാശവഴി ദൈവപിതാവിന്റെ നിരുപാധിക സ്നേഹമാണ് നാം അനുഭവിച്ചറിയുന്നത്. മനസ്താപം, പാപം ഏറ്റുപറച്ചിൽ, പ്രായശ്ചിത്തം നിർവ്വഹിക്കൽ എന്നീ മൂന്നു ഘടകങ്ങളാണ് ഈ കൂദാശയ്ക്കുള്ളത്. ധൂർത്തപുത്രൻ പിതാവിന്റെ പ്രിയപുത്രനായി മാറിയത് ഈ മാർഗ്ഗത്തിലൂടെയാണ് എന്ന് പ്രസ്തുത ഉപമയിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

ദൈവത്തോട് നേരിട്ട് പാപങ്ങൾ ഏറ്റുപറഞ്ഞാൽപോരേ എന്ന് ചോദിക്കുന്നവരുണ്ട്. പോരാ എന്നുതന്നെയാണ് അവർക്ക് സഭ നൽകുന്ന മറുപടി. കർത്താവിന്റെ നിശ്ചയം അതാണെന്ന് അവിടുത്തെ വചനങ്ങൾ വ്യക്തമാക്കുന്നു. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വാർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്തായി 18:18) എന്നും "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും"(യോഹ.20:23) എന്നും പറഞ്ഞുകൊണ്ട് ഈശോ തന്റെ പാപമോചനാധികാരം കൈമാറിയത് അപ്പസ്തോലന്മാർക്കാണ്. അവരുടെ പിൻഗാമികളായ മെത്രാന്മാർ തങ്ങളുടെ സഹപ്രവർത്തകരായ വൈദീകർക്ക് പ്രസ്തുത അധികാരം കൈമാറി. ഈ പാരമ്പര്യമാണ് ആദിമസഭാകാലം മുതൽ ഇന്നുവരെ നിലവിലിരിക്കുന്നത്.

പാപവിമോചകനായ ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടുന്ന വേദിയാണ് അനുരഞ്ജന കൂദാശാ സ്വീകരണം. ഇതേപറ്റി വാഴ്ത്ത

പ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പാ പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: "നൂറ്റാണ്ടുകളുടെ പഴക്കമുള്ള കുമ്പസാരമെന്ന കൂദാശയുടെ സ്വീകരണരീതി കാത്തുസൂക്ഷിക്കണം. അതുവഴി പാപങ്ങളെപ്പറ്റിയുള്ള പശ്ചാത്താപത്തോടും, അവ ഉപേക്ഷിക്കുവാനും അവയ്ക്ക് പരിഹാരം ചെയ്യുവാനുള്ള സന്നദ്ധതയോടുംകൂടെ അവ വ്യക്തിപരമായി ഏറ്റുപറയുവാനുള്ള വിശ്വാസിയുടെ അവകാശം സംരക്ഷിക്കുകയത്രെ സഭ ചെയ്യുന്നത്. ക്രൂശിതനും പാപം ക്ഷമിക്കുന്നവനുമായ ക്രിസ്തുവുമായി, "നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു; പോകുക, മേലിൽ പാപം ചെയ്യരുത്" എന്നു പറയുന്ന ക്രിസ്തുവുമായി, കുമ്പസാരമെന്ന കൂദാശയുടെ കാർമ്മികനിലൂടെ, കൂടുതൽ വ്യക്തിപരമായ സമ്പർക്കം സ്ഥാപിക്കുവാനുള്ള വിശ്വാസിയുടെ അവകാശമാണിത്. തന്മൂലം രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയെയും സംബന്ധിച്ച് അനുഗ്രഹത്തിന്റെ നിമിഷവും രക്ഷയുടെ മുഹൂർത്തവുമാണത്. അത് മനസ്സിലാക്കി കൂടെക്കൂടെ ഈ കൂദാശ സ്വീകരിക്കാൻ നാം ഉത്സുകരാകണം." മാർപാപ്പ വ്യക്തമാക്കുന്നതുപോലെ യേശുവിന്റെ പ്രതിപുരുഷൻ എന്ന നിലയിലാണ് വൈദികൻ പാപങ്ങൾ മോചിക്കുന്നത്. വൈദികന്റെ പക്കൽ പാപങ്ങൾ ഏറ്റു പറയുമ്പോൾ പാപമോചകനും സൗഖ്യദായകനുമായ യേശുവുമായി നാം വ്യക്തിപരമായ ഒരു കണ്ടുമുട്ടൽ നടത്തുകയാണ് ചെയ്യുന്നത്.

വിശ്വാസികളുടെ അവിശ്വാസമാണ് ആധുനിക യുഗത്തിന്റെ പ്രത്യേകതയെങ്കിൽ പാപികളുടെ പാപബോധമില്ലായ്മയാണ് ഈ യുഗത്തിന്റെ മുഖമുദ്ര. "പീനട്ട്സ്" എന്ന പേരിൽ പത്രത്തിൽ വന്ന ഒരു കാർട്ടൂൺചിത്രത്തിൽ ചാർളി ബ്രൗൺ എന്ന കഥാപാത്രത്തോട് മറ്റൊരു കഥാപാത്രം പറയുന്നത് ശ്രദ്ധിക്കൂ, "ചാർളി ബ്രൗൺ, നിന്റെ കുഴപ്പം എന്താണെന്ന് അറിയാമോ? നിന്റെ കുഴപ്പം എന്താണെന്നറിയാൻ നിനക്കിഷ്ടമില്ല എന്നതാണ് നിന്റെ കുഴപ്പം". ഇന്ന് പലരും ഈ സാഹചര്യത്തിലാണ്. പലരും അവരുടെ കുറ്റങ്ങൾ അംഗീകരിക്കുവാൻ തയ്യാറല്ല. ദൈവസ്നേഹത്തിന്റെ പശ്ചാത്തലത്തിൽ നമ്മെ തന്നെ നോക്കി കാണുവാൻ നമുക്ക് സാധിക്കണം. നമ്മുടെ പാപങ്ങളെകുറിച്ചുള്ള അവബോധം അപ്പോൾ നമ്മിലുണ്ടാകും. പാപങ്ങൾ അംഗീകരിച്ച് ഏറ്റുപറയുന്നതുവഴി നമുക്ക് പാപമോചനവും പാപംചെയ്യാതിരിക്കാനുള്ള കൃപയും മാത്രമല്ല ദൈവീകമായ സമാധാനവും ലഭിക്കുന്നു. സഹോ





ദരനുമായി രമ്യതയിലെത്താതെ ദൈവത്തോട് രമ്യതപ്പെടാൻ സാധിക്കുകയില്ല. ദൈവം സൗജന്യമായി നൽകുന്ന പാപമോചനം വലിയൊരു ഉത്തരവാദിത്വം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നു. "മറ്റുള്ളവരോട് നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല" (മത്താ:6.15). സഹോദരങ്ങളോടു ക്ഷമിച്ചുകൊണ്ടു വേണം, സഭയുടെ പ്രതിനിധിയും ശുശ്രൂഷകനുമായ വൈദികനോട് പാപങ്ങൾ ഏറ്റുപറയുവാൻ.

അനുരഞ്ജനകൂദാശ സ്വീകരിക്കുന്നതിൽ വന്നിട്ടുള്ള താൽപര്യക്കുറവിന്റെ കാരണം പാപബോധത്തിന്റെ കുറവുതന്നെയാണ്. പാപമില്ലാത്തവരായി നമ്മിൽ ആരാണ് ഉള്ളത്? "നമുക്ക് പാപമില്ലായെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും" എന്നാണ് യോഹന്നാൻ ശ്ലീഹാ പഠിപ്പിക്കുന്നത്(1 യോഹ.1:8). പാപിയായ മനുഷ്യനെ ദൈവം തന്നെയാണ് പശ്ചാത്താപത്തിലേയ്ക്ക് നയിക്കുന്നത്. കാരണം ആരും നശിച്ചുപോകാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല. തെറ്റിപ്പോയി എന്ന വീണ്ടുവിചാരവും കുറ്റം സമ്മതിക്കലുമാണ് പശ്ചാത്താപം. ദൈവം നിശ്ചയിച്ച പ്രതിപുരുഷന്റെ മുമ്പിൽ പാപങ്ങൾ നാം ഏറ്റുപറയണം. ആരുടേയും നിർബന്ധത്താൽ അല്ല മറിച്ച് സ്വതന്ത്രമായ മനസ്സോടെ നമ്മൾ അത് ചെയ്യണം. അനുതപിക്കുന്ന പാപിയെ കുറിച്ച് ദൈവത്തിന്റെ മാലാഖമാരുടെ മുമ്പിൽ സന്തോഷമുണ്ടാകുമെന്ന് കർത്താവ് തന്നെ അരുളി ചെയ്തിട്ടുണ്ടല്ലോ (ലൂക്ക 15:10).

പശ്ചാത്താപത്തോടുചേർന്നു പോകുന്നതാണ് പരിഹാരം ചെയ്യൽ. അനുതപിച്ചുള്ള കുമ്പസാരം നമ്മിലെ പാപത്തെ മുഴുവൻ മോചിക്കുന്നു. എന്നാൽ ആ പാപങ്ങൾ വരുത്തിവച്ചിട്ടുള്ള ദ്രോഹങ്ങളെയും ക്രമരാഹിത്യങ്ങളെയും മുഴുവനായും അത് നീക്കുന്നില്ല. പാപം ഉളവാക്കിയിട്ടുള്ള ഫലങ്ങൾ പരിഹരിക്കപ്പെടുന്നത് കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നതുവഴിയാണ്. വൈദികൻ കല്പിക്കുന്ന നാമമാത്രമായ പ്രായശ്ചിത്തം മാത്രം നിറവേറ്റിയാൽ പോര. പാപത്തിൽ നിന്ന് മോചിക്കപ്പെട്ട വ്യക്തി തന്റെ ആത്മീയാരോഗ്യം പൂർണ്ണമായും വീണ്ടെടുക്കണമെങ്കിൽ പരിഹാരമായി മറ്റെന്തെങ്കിലും കൂടുതലായി ചെയ്യണം. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം, കാഴ്ചയർപ്പണം,ജീവകാരുണ്യ പ്രവൃത്തികൾ, ദരിദ്രരെ സഹായിക്കൽ, സ്വമനസ്സാലെയുള്ള ത്യാഗപ്രവൃത്തികൾ, അനുദിനജീവിതത്തിലെ കുരിശുകളും സഹനങ്ങളും സന്തോഷത്തോടെ സ്വീകരിക്കൽ തുടങ്ങിയവ നല്ല പരിഹാരപ്രവൃത്തികളാണ്. സക്കേവൂ

സിനും കുടുംബത്തിനും രക്ഷകൈവന്നത് പാപങ്ങൾക്ക് പരിഹാരമനുഷ്ഠിക്കാൻകൂടി അയാൾ തയ്യാറായപ്പോൾ ആണല്ലോ.

പാപങ്ങൾ ഏറ്റുപറഞ്ഞ് ജീവിതത്തെ നവീകരിക്കാൻ നാം തയ്യാറാകാതിരുന്നാൽ അതിന്റെ പ്രതിഫലനങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രകടമാകും എന്നുമാത്രമല്ല, നമ്മുടെ പാപാവസ്ഥ സ്വന്തം ജീവിതത്തെക്കാൾ ഏറെ മറ്റുള്ളവരുടെ ജീവിതത്തെ ദോഷകരമായി ബാധിച്ചെന്നും വരാം. അതുകൊണ്ട് മാർപാപ്പ നമ്മെ അനുസ്മരിപ്പിച്ചതുപോലെ അനുരഞ്ജനകൂദാശ സ്വീകരണം രക്ഷയുടെയും അനുഗ്രഹത്തിന്റെയും മുഹൂർത്തമാണെന്ന് ബോധ്യപ്പെട്ട് കൂടെക്കൂടെ അത് സ്വീകരിക്കുവാൻ നാം ഉത്സുകരാകണം. മാത്രമല്ല, ഈ കൂദാശ വേണ്ടവിധം സ്വീകരിക്കുകയും വേണം. കുമ്പസാരം എന്നത് കടമതീർക്കൽ മാത്രമാകരുത്. തിടുക്കത്തിൽ പാപങ്ങൾ ഏറ്റുപറഞ്ഞ് മോചനം നേടുവാനുള്ള മാർഗ്ഗമായിട്ടും അതിനെ കാണരുത്.

ലഘുപാപങ്ങൾ മാത്രമേ നാം ചെയ്തിട്ടുള്ളൂവെങ്കിൽ അതേപറ്റി മനസ്തപിച്ച് വിശുദ്ധ കുർബാന സ്വീകരിക്കാം. മാരകപാപം ചെയ്തിട്ടുള്ള വ്യക്തി കുമ്പസാരിക്കാതെ വിശുദ്ധ കുർബാന സ്വീകരിക്കരുത്. മറിച്ച് ചെയ്യുന്നവർക്ക് ലഭിക്കുന്ന ശിക്ഷാവിധിയെപറ്റി പൗലോസ്ശ്ലീഹാ നല്കുന്ന കർക്കശമായ മുന്നറിയിപ്പ് ഇപ്രകാരമാണ്, “ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരെ തെറ്റുകാരനാകുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും”(1 കൊറി.11:27-29). വിശുദ്ധ ജോൺ ക്രിസോസ്തോം ഇതേപറ്റി വിശ്വാസികൾക്ക് നൽകുന്ന ശ്രദ്ധേയമായ ആഹ്വാനം ഇപ്രകാരമാണ്: “മലിനമാക്കപ്പെട്ടതും ദുർവൃത്തവുമായ മനസ്സാക്ഷിയോടെ ആരും ഈ വിശുദ്ധ മേശയെ സമീപിക്കരുതെന്ന് ഞാനും ഉച്ചസ്വരത്തിൽ പറയുന്നു. പ്രാർത്ഥിക്കുന്നു, യാചിക്കുന്നു, അപേക്ഷിക്കുന്നു. അത്തരമൊരു പ്രവൃത്തിയെ യഥാർത്ഥത്തിൽ ഒരിക്കലും കൂട്ടായ്മയെന്നു വിളിക്കപ്പെടാൻ പാടില്ല. കർത്താവിന്റെ ശരീ





രത്തെ ആയിരം പ്രാവശ്യം സ്പർശിച്ചാലും കൂട്ടായ്മയെന്ന് ഒരിക്കലും വിളിക്കപ്പെടാൻ പാടില്ല. പിന്നെയോ ശാപം, പീഡനം, ശിക്ഷയുടെ വർദ്ധനവ് എന്നാണ് വിളിക്കപ്പെടാവുന്നത്.”

അനുരഞ്ജനകൂദാശ സ്വീകരിക്കുവാനുള്ള വിശ്വാസികളുടെ അവകാശം സംരക്ഷപ്പെടണമെന്ന മാർപാപ്പയുടെ പ്രസ്താവനയുടെ അർത്ഥം വൈദികർ ശരിക്കു മനസ്സിലാക്കണം. മാസത്തിൽ ഒരിക്കലെങ്കിലും കുമ്പസാരിക്കാൻ വിശ്വാസികൾക്ക് അവസരം സൃഷ്ടിക്കാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം. അവരുടെ അശ്രദ്ധയും സമയകുറവും മൂലം ഒരു വ്യക്തിക്കുപോലും ഈ കൂദാശ സ്വീകരിക്കുവാനുള്ള അവസരം നഷ്ടപ്പെടുവാൻ ഇടയാകരുത്.

അനുതാപത്തിൽ നിന്നുളവാകുന്ന ശരണത്തോടെ, അപരാധങ്ങളിൽ നിന്ന് പിന്തിരിഞ്ഞുകൊണ്ടും പാപങ്ങളെ കുറിച്ച് പശ്ചാത്തപിച്ചുകൊണ്ടും സഹോദരരുടെ തെറ്റുകൾ ക്ഷമിച്ചുകൊണ്ടും സകലത്തിന്റെയും നാഥനായ ദൈവത്തോട് അനുരഞ്ജനകൂദാശ വഴി കൃപയും പാപമോചനവും നമുക്ക് യാചിക്കാം. ഈശോയെ നമ്മുടെ ഹൃദയങ്ങളിലേക്ക് സ്വീകരിക്കാം. ഹൃദയങ്ങളെ ജീവിക്കുന്ന പുൽക്കൂടുകളാക്കി മാറ്റാം. അവിടെ അവിടുത്തെ കർത്താവായി നമുക്ക് പൂജിക്കാം (1പത്രോ. 3:15). അതിനുള്ള അനുഗ്രഹം ഉണ്ണിയീശോ നമുക്ക് പ്രദാനം ചെയ്യട്ടെ. നിങ്ങൾക്കേവർക്കും പിറവിതിരുനാളിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഞാൻ സ്നേഹപൂർവ്വം നേരുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **2012 ഡിസംബർ 9-ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

2012



# BISHOP'S Engagements

**2012 DECEMBER**

| | | |
|---|---|---|
| 1 | | Cherthala |
| 2 | | St. Thomas Church, Elavampadam |
| 3 | PM | Sneha Jwala, Kottekadu |
| 4 | AM | Pre-Cana, Yuvakshetra |
| | PM | Meeting, Pastoral Centre |
| 5 | | Trustees Council Meeting, Paalana |
| 6 | AM | Sehion Retreat Centre, Thavalam |
| | PM | FCC Convent Blessing, Thrithwamala |
| 7 | AM | Meeting, Pastoral Centre |
| | PM | St. Mary's Church, Maria Nagar, Malampuzha |
| 8 | AM | Sinai Retreat Centre, Mundur |
| | PM | St. Mary's Church, Palakkayam |
| 9 | AM | Sacred Heart Church, Thiruvizhamkunnu |
| | PM | St. Joseph's Church, Alanallur |
| 10 | | Young Priests' Meeting, Bishop's House |
| | PM | Synaxis, Jai Christo Convent, Palakkad |
| 11 -13 | | KCBC |
| 14 | | Catechism Commission Meeting, Kakkanad |
| 15 | PM | Seraphic Provincial House, Palakkad |
| 16 | | Chistmas Gathering, Town Hall, Palakkad |





2012



# BISHOP'S Engagements

| | | |
|---|---|---|
| 17 | PM | Church Blessing, Salem |
| 18 | | Monthly Recollection, Bishop's House |
| 19 | | Sehion Retreat Centre, Thavalam |
| 21 | PM | St. Xavier's Church, Mangalamdam |
| 22 | AM | Meeting, Pastoral Centre |
| 25 | | Christmas Holy Qurbana, Cathedral |
| 26 | 9.30 AM | Ordination, Nenmara |
| 27 | 2.30 PM | Ordination, Pudukad |
| 28 | | Mt. St. Thomas, Kakkanad |
| 29 | 9.30 AM | Ordination, Poonchola |
| | 2.30 PM | Ordination, Cheenikkapara |
| 31 | 9.30 AM | Ordination, Jellippara |

**2013 JANUARY**

| | | |
|---|---|---|
| 1 | PM | St. Mary's Church, Palakkayam |
| 2 | 9.30 AM | Ordination, Olavakkode |
| 3 | | Church Blessing, Kalladikode |
| 4 | PM | PSSP Meeting, Pastoral Centre |
| 5 | | Marriage Blessing, Thrissur |
| 6 | AM | St. John the Baptist Church,Kottappuram |
| | PM | Littile Flower Church, Poonchola |
| 7 - 11 | | Synod, Mt. St. Thomas, Kakkanad |




### പ്രായോഗിക പരിശീലന ക്ലാസ്സ്

2005–2011 വർഷങ്ങളിൽ തിരുപ്പട്ടം സ്വീകരിച്ച ബ. വൈദികർക്ക് 2012 ഡിസംബർ 10 തിങ്കളാഴ്ച രാവിലെ 10.00 മണിമുതൽ വൈകിട്ട് 4.00 മണി വരെ ബിഷപ്പ്സ് ഹൗസിൽവച്ച് അജപാലന ശുശ്രൂഷയോടുബന്ധപ്പെട്ട പ്രായോഗിക പരിശീലനക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷങ്ങളിലെ ബ. അച്ചന്മാർ അതിൽ സംബന്ധിക്കേണ്ടതാണ്.

### വൈദികരുടെ മാസധ്യാനം

ഡിസംബർ 18–ാം തിയ്യതി വൈദികരുടെ മാസധ്യാനം അരമനയിൽവെച്ച് നടത്തപ്പെടുന്നു. എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്.

### തിരുപ്പട്ടം

നമ്മുടെ രൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന നെന്മാറ ഇടവകാംഗം ഡീ. അൽജോ കുറ്റിക്കാടൻ, പുതുക്കാട് ഇടവകാംഗം ഡീ. ധനേഷ് കാളൻ, പൂഞ്ചോല ഇടവകാംഗം ഡീ. എബിൻ കുളമ്പൻ, ചീനിക്കപ്പാറ ഇടവകാംഗം ഡീ. അജി ഐക്കര, ജെല്ലിപ്പാറ ഇടവകാംഗം ഡീ. ഷിനോജ് കളരിക്കൻ എന്നിവരെ പ്രാർത്ഥനയിൽ ഓർക്കുക.

### നിത്യാരാധനാ കപ്പേള

ഡിസംബർ 24, 25 തീയതികളിൽ പാലക്കാട് നിത്യാരാധനാ കപ്പേളയിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

### വിവാഹമുടക്കം

ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ്സിന് ഒരുക്കമായ നോമ്പായതിനാൽ ആ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾ അനുവദനീയമല്ല.

### രൂപതാ ഡയറക്ടറി

2012–13 വർഷത്തെ രൂപതാ ഡയറക്ടറി ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്നും ലഭിക്കുന്നതാണ്. വില. 100.00/-





## DIOCESAN DAY COLLECTION 2012 (Continuation)

| | | |
|---|---|---|
| | **Balance Forwarded** | **5,85,048** |
| Alanellur | St. Joseph Church | 3,000 |
| Arogyapuram | St. Mary's Church | 10,050 |
| Jellippara | St. Peter's Church | 10,245 |
| Karakurissi | St. Mary's Church | 12,000 |
| Karimba | Littile Flower Church | 16,250 |
| Karimkayam | St. Mary's Church | 2,500 |
| Kozhinjampara | St. Antony's Church | 1,250 |
| Malampuzha | St. Jude Church | 5,000 |
| Odanthode | St. Jude Church | 3,000 |
| Karara | Kristhu Jyothi Bhavan | 200 |
| Mannarkad | Dominican Sisters | 3,000 |
| | **Grand Total** | **6,51,543** |

## MISSION SUNDAY COLLECTION 2012

| | | |
|---|---|---|
| Agali | Fathima Matha Church | 1000 |
| Alanallur | St.Joseph Church | 5000 |
| Alathur | Little Flower Church | 1000 |
| Arogyapuram | St.Mary Church | 5000 |
| Kalla | St.Paul Church | 1000 |
| Kottathara | | 200 |
| Kanjikode | Good Shepherd Church | 15000 |
| Karakurissi | St. Mary Chruch | 5000 |
| Karimba | Little Flower Church | 10000 |
| Karimkayam | St.Mary Church | 2000 |
| Kodunthirapally | Vimalahridhaya Church | 2500 |
| Kozhinjampara | St.Antony Church | 2600 |
| Melarkode | St.Antony's Forane Church | 9000 |
| Neethipuram | St.Joseph Church | 3000 |
| Nemmara | Christ the King Church | 2500 |
| Niravu | Holy Family Church | 2500 |
| Njarakode | St.Sebastian Church | 1000 |
| Odamthode | St.Jude Church | 2500 |
| Palakkad | St. Raphael's Cathedral Church | 25000 |
| Palakkad Town | Nithyasahaya Matha Church | 10000 |
| Palappuram | St.Mary Church | 2000 |
| Palliyara | St.Mary Church | 300 |
| Pazhambalakode | Santhi Natha Church | 2500 |
| Rajagiri | Scared Heart Church | 5000 |
| Thavalam | Holy Trinity Forane Church | 3000 |
| Thiruvizhamkunnu | Sacred Heart Church | 6000 |
| Dhoni | Amala Sadan Convent | 1500 |
| | **TOTAL** | **1,26,100** |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Jan-13 | TUE | Rev. Fr. Nalpathamkalam Sumesh |
| 2-Jan-13 | WED | Rev. Fr. Nedumpurath Antony |
| 3-Jan-13 | THU | Rev. Fr. Olakkengil Viani |
| 4-Jan-13 | FRI | Rev. Fr. Ollukaran Vincent |
| 5-Jan-13 | SAT | Rev. Fr. Palathinkal Abraham |
| 7-Jan-13 | MON | Rev. Fr. Pallineerakkal Jaimon |
| 8-Jan-13 | TUE | Rev. Fr. Panapparambil Saji |
| 9-Jan-13 | WED | Rev. Fr. Paramby Thomas |
| 10-Jan-13 | THU | Rev.Fr. Parayil Jijo |
| 11-Jan-13 | FRI | Rev. Fr. Perumattil Antony |
| 12-Jan-13 | SAT | Rev. Fr. Perumbillil George |
| 14-Jan-13 | MON | Rev. Fr. Plathottathil Biju |
| 15-Jan-13 | TUE | Rev.Fr. Plathottathil Jinse |
| 16-Jan-13 | WED | Rev. Fr. Ponmani Jose |
| 17-Jan-13 | THU | Rev. Fr. Potteparambil Jose |
| 18-Jan-13 | FRI | Rev. Fr. Poovathanikunnel Jacob |
| 19-Jan-13 | SAT | Rev. Fr. Pulikottil Joshy |
| 21-Jan-13 | MON | Rev. Fr. Pullukalayil Reny |
| 22-Jan-13 | TUE | Rev.Fr. Puramadathil Jino |
| 23-Jan-13 | WED | Rev.Fr. Puthenpurayil Joshy |
| 24-Jan-13 | THU | Rev. Fr. Puthukara John |
| 25-Jan-13 | FRI | Rev. Fr. Thaikattil Anto |
| 26-Jan-13 | SAT | Rev. Fr. Thamarassery Sebastian |
| 28-Jan-13 | MON | Rev. Fr. Thanickal Thomas |
| 29-Jan-13 | TUE | Rev. Fr. Tharaniyil Paul |
| 30-Jan-13 | WED | Rev. Fr. Thattil Martin |
| 31-Jan-13 | THU | Rev. Fr. Thekkumkattil Jomy |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





# വിശ്വാസപരിശീലനവേദി

**email: catechismpalghat@gmail.com, website: www.catechismpalghat.org**

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതമതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 22–ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെയാണ് മീറ്റിംഗ്.കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും ലോഗോസ് ക്വിസ് അവാർഡ് ദാനവും**

സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം 2013 ജനുവരി 26–ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ 1.00 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരും സെക്രട്ടറിമാരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രാവിലെ 10.00 മണിക്ക് നടക്കുന്ന മീറ്റിംഗിൽ വച്ച് ലോഗോസ് ക്വിസ് 2012 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്. രൂപതാതലത്തിൽ 1, 2, 3 റാങ്കുലഭിച്ചവരും 4, 5 സ്ഥാനം ലഭിച്ചവരും സൺഡേ സ്കൂൾ തലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാരും പ്രസ്തുത മീറ്റിംഗിൽ സന്നിഹിതരാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

A വിഭാഗത്തിൽ 60% മേൽ മാർക്ക് ലഭിച്ചവർക്കും B,C,D,E വിഭാഗങ്ങളിൽ 70% ൽ കൂടുതൽ മാർക്കു ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ ഓരോ ഇടവകയിലേക്കുമുള്ള കവറുകളിൽ നിന്ന് ലഭിക്കുന്നതാണ്. കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും സമ്മാനങ്ങളും അന്നേദിവസം നൽകുന്നതാണ്.

**$X^{th}$, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

ഞായറാഴ്ച വേദോപദേശത്തിന്റെ $X^{th}$, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ജനുവരി 28–ാം തിയതി ഉത്തരക്കടലാസിനോടൊപ്പം മതബോധന കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനന

തിയതി, മാമ്മോദീസാ തിയതി, തുടങ്ങിയ എല്ലാകാര്യങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പിക്കണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചു നൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 15 രൂപയും ഓഫീസിൽ ഏൽപ്പി ക്കേണ്ടതാണ്.

**കറസ്പോണ്ടൻസ് കോഴ്സ്**

കറസ്പോണ്ടൻസ് കോഴ്സിന് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്കാ യിട്ടുള്ള രണ്ടാംഘട്ട ക്ലാസ്സുകൾ ഡിസംബർ 26-ന് നടത്തുന്നു.

സമയം 9.30 am to 4.00 pm

സ്ഥലം പാസ്റ്ററൽ സെന്റർ

അന്നേ ദിവസം ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തുന്നതായിരിക്കും. ഒരുങ്ങി വരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പഠനഭാഗം**

1-6 പാഠങ്ങൾ; ഉപപാഠം-ഒന്നാം ഭാഗം; പുറപ്പാട്-25-40; ജനറൽ ക്വിസ് 51-98

**കുട്ടികളുടെ ക്വിസ് മത്സരം**

കുട്ടികളുടെ രൂപതാതലക്വിസ് മത്സരം (UP, HS, HSS) ഡിസംബർ 8 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ഫൊറോനയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ച ടീമുകൾക്ക് രൂപതാതലത്തിൽ പങ്കെടുക്കാം. രൂപതാ തലത്തിൽ ഓഡിയോ വിഷ്വൽ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരി ക്കും. റജി. ഫീസ് ഒരു ടീമിന് 75 രൂപയായിരിക്കും. ഉച്ചഭക്ഷണം പാസ്റ്ററൽ സെന്ററിൽ നിന്ന് ലഭിക്കുന്നതാണ്.

പഠനഭാഗം :

ജനറൽ ക്വിസ് - 50% (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി - യു.പി 155 -215; എച്ച്.എസ്. 21-50, 100-132; എച്ച്.എസ്.എസ്. 51-98, 134-149), ബൈബിൾ - 50% (വി. മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം).

**കുട്ടികളുടെ ക്വിസ്മത്സരത്തിലെ ഫൊറോനതലവിജയികൾ**

## U.P.

1. കാഞ്ഞിരപ്പുഴ ഫൊറോന
   - Ist സോന സുനിൽ, അലൻ തോമസ്- പൂഞ്ചോല
   - IInd അബിത ഫ്രാൻസിസ്, എൽസാജോൺ-കാഞ്ഞിരപ്പുഴ
2. മംഗലംഡാംഫൊറോന
   - Ist നമിത ജോർജ്ജ്, ഡോണിയ ബാബു- മംഗലംഡാം
   - IInd ജോസഫ് ജോസഫ്, ടീന തോമസ്- പൊൻകണ്ടം
3. മണ്ണാർക്കാട് ഫൊറോന
   - Ist അനൂപ് വി.ടി, അജിൻ ബാബു -കാരാപ്പാടം
   - IInd അനീന സോജി, നിധിൻ റോയി- എടത്തനാട്ടുകര





4. മേലാർക്കോട് ഫൊറോന
   - Ist അലീന മാത്യു, ജിബിൻ പയസ്- നെന്മാറ
   - IInd അനുജ ജോസ്, അനിറ്റ വർഗ്ഗീസ്- ചിറ്റലഞ്ചേരി
5. ഒലവക്കോട് ഫൊറോന
   - Ist അബി, ജോജോ -പുലാപ്പറ്റ
   - IInd ജെസ്ബിൻ, ജോസ് -മൈലംപുള്ളി
6. ഒറ്റപ്പാലം ഫൊറോന
   - Ist ജോമോൻ ജോസ്, ടോജോ വർഗ്ഗീസ് -കടമ്പഴിപ്പുറം
   - IInd ഹെനോക്ക് ജാക്സൺ, മിലു തോമസ് -ഒറ്റപ്പാലം
7. പാലക്കാട് ഫൊറോന
   - Ist മരിയ ഡാർലിൻ കെ, ആഗസ് ജോബ്- കഞ്ചിക്കോട്
   - IInd എസ്തേർ മരിയ, ഐറിൻ ബെന്നി- പാലക്കാട്
8. പൊന്നംകോട് ഫൊറോന
   - Ist സൗമ്യ ജേക്കബ്, അമൽ സെബാസ്റ്റ്യൻ- പൊന്നംകോട്
   - IInd സ്നേഹ ആൻ തോമസ്, അഞ്ജന വർഗ്ഗീസ്- കല്ലടിക്കോട്
9. തത്തമംഗലം ഫൊറോ
   - Ist അരുൺ മണി, ജെബിൻ തോമസ്- തത്തമംഗലം
   - IInd റോസ് റപ്പായി, സാവിയോ ജോൺ - ചിറ്റൂർ
10. താവളം ഫൊറോന
    - Ist ക്രിസ്റ്റീന മാത്യു, ആൽബിൻ ബെന്നി- അഗളി
    - IInd ആഷാ ജോസഫ്, മിഖാ ജിമ്മി- കാരറ
11. വടക്കഞ്ചേരി ഫൊറോന
    - Ist മഞ്ചിമ തെരേസ, ജോമി ജോണി- പാലക്കുഴി
    - IInd മരിയസിബി, ആൽഫിൻ സജി- വചനഗിരി

## H.S

1. കാഞ്ഞിരപ്പുഴ ഫൊറോന
   - Ist സോഫി സുനിൽ- പൂഞ്ചോല
   - IInd അശ്വിൻ എമ്മാനുവൽ, മിനിമോൾ ടോമി-കാഞ്ഞിരപ്പുഴ
2. മംഗലംഡാം ഫൊറോന
   - Ist ലിയ മാർട്ടിൻ, നിവ്യ എമ്മാനുവൽ - മംഗലംഡാം
   - IInd ഡെനില ഡാർവിൻ, ഡൻല്ല ബിജു - ഓടംതോട്
3. മണ്ണാർക്കാട് ഫൊറോന
   - Ist അഞ്ജലി നെബു, ജിതിൻ ജോസ് -ശ്രീകൃഷ്ണപുരം
   - IInd നോയൽറോസ്, മെർലിൻ ഫ്രാൻസിസ്- കാരാപ്പാടം
4. മേലാർക്കോട് ഫൊറോന
   - Ist അജയ് ജോസ്, ജെയിൻ ജോൺസൺ - ചിറ്റിലഞ്ചേരി
   - IInd അലക്സ് തോമസ്, ജിസ്ന എം.എസ് - നെന്മാറ

5 ഒലവക്കോട് ഫൊറോന

Ist അനില, അനിറ്റ -മലമ്പുഴ

IInd അന്റോണിയോ, ജെബിൻ -പുലാപ്പറ്റ

6. ഒറ്റപ്പാലം ഫൊറോന

Ist ഐലിൻ നോവ ജോർജ്, ബിൻസി മോൾ -കൂനത്തറ

IInd മെറിൻ റോസ്, നയന ബിനോയ്- പാലപ്പുറം

7. പാലക്കാട് ഫൊറോന

Ist മെൽജോ ചാക്കോ, മെറീന സണ്ണി- കഞ്ചിക്കോട്

IInd ജിൻസൺ ജോർജ്ജ്, ലിജി ജോർജ്ജ് -കത്തീഡ്രൽ

8. പൊന്നംകോട് ഫൊറോന

Ist ആൽബർട്ട് ഫ്രാൻസിസ്, സിജോയ് കെ.എസ് - പൊന്നംകോട്

IInd ജെറിൻജോസ്, ജിനോയ് അബ്രഹാം- കല്ലടിക്കോട്

9.തത്തമംഗലം ഫൊറോന

Ist ഗ്രേയ്സ് ആന്റോ, ആഞ്ചലോ പി.എ - കൊഴിഞ്ഞാമ്പാറ

IInd സെബിൻ തോമസ്, അനു മരിയ തത്തമംഗലം

10. താവളം ഫൊറോന

Ist അനീഷ അഗസ്റ്റിൻ, അഞ്ജനമേരി സണ്ണി -കോട്ടത്തറ

IInd ഡെൽന ജോർജ്ജ്, ആഗ്നസ് ജോർജ്ജ്- കാരറ

11. വടക്കഞ്ചേരി ഫൊറോന

Ist സ്റ്റെഫി തോമസ്, റിനി സൈമൺ - വടക്കൻഞ്ചേരി

IInd ലിയ റെന്നി, ടെസ് മരിയ -പാലക്കുഴി.

## H.S.S

1. കാഞ്ഞിരപ്പുഴ ഫൊറോന

Ist ജെഫിൻ മാത്യു, ഡൊമിനിക് തോമസ് -കാഞ്ഞിരപ്പുഴ

IInd മരിയ തോമസ്, പ്രിൻസി ആന്റണി -ചീനിക്കപ്പാറ

2. മംഗലംഡാംഫൊറോന

Ist ദിയാ ജോർജ്ജ്, സച്ചിൻബാബു - മംഗലംഡാം

IInd ലിസ്മോൾ സ്കറിയ, ടിമിയ അലക്സ് - കടപ്പാറ

3. മണ്ണാർക്കാട് ഫൊറോന

Ist അരുൺ എ.ബി, മരിയറ്റ് -കാരാപ്പാടം

IInd സിബിൻ പയസ്, ലിബിന ജോസഫ് - മണ്ണാർക്കാട്

4. മേലാർക്കോട് ഫൊറോന

Ist ജീനാ പയസ്, ഷെറിൻ ബെറ്റ് -നെന്മാറ

IInd കിരൺ ജോയ്, ജിനോ ജോയ് - ചിറ്റിലഞ്ചേരി

5. ഒലവക്കോട് ഫൊറോന

Ist നീതു, അനു -മലമ്പുഴ

IInd ബിനോയ്, അലീന- മുണ്ടൂർ





6. ഒറ്റപ്പാലം ഫൊറോന

Ist സനു ബാബു, ലിജു സിബി -കടമ്പൂർ

IInd സാന്ദ്ര മരിയ ജെ, ആൽഡിൻ മേരി - ഷൊർണ്ണൂർ

7. പാലക്കാട് ഫൊറോന

Ist മരിയ അലക്സ്, സ്നേഹ ഡേവിസ്- കഞ്ചിക്കോട്

IInd ബിലിൻ ബെന്നി, അനൈഡ ആൻ -കൊടുന്തിരപ്പുള്ളി

8. പൊന്നംകോട് ഫൊറോന

Ist അഞ്ജു ചാക്കോ, സിനു ജോസ് - ചുള്ളിയാംകുളം

IInd അഞ്ജലി ജോസ്, മിനു തോമസ് - കല്ലടിക്കോട്

9. തത്തമംഗലം ഫൊറോ

Ist ബിച്ചു ആൽബർട്ട് , അർച്ചന എം. ജെ - കൊഴിഞ്ഞാമ്പാറ

IInd റൂബി സെബാസ്റ്റ്യൻ, അനറ്റ് വിൻസെന്റ്-പരുത്തിക്കാട്

10. താവളം ഫൊറോന

Ist ജെൻസി പി ജോൺ, ഷിൻസി ഫിലിപ്പ് -കാരറ

IInd അനീഷ, റെയ്ന- താവളം

11. വടക്കഞ്ചേരി ഫൊറോന

Ist സംഗീത സജീവ്, സ്നേഹ ജെയ്സൺ - വടക്കഞ്ചേരി

IInd ഡോണ മാത്യു, എലിസബത്ത് ബേബി- പാലക്കുഴി

**വിശ്വാസവർഷ പഠനസഹായി**

വിശ്വാസവർഷത്തെ കൂടുതൽ ആഴത്തിൽ അറിയുന്നതിനും അനുഭവവേദ്യമാക്കുന്നതിനും ഉപകരിക്കുന്ന വിശ്വാസവർഷ പഠനസഹായി സാൻജോ ബുക്ക് സ്റ്റാളിൽ നിന്നും ലഭ്യമാണ്. വില 50 രൂപ.

**S.M.C.C അവാർഡ്**

സീറോമലബാർ കാറ്റകെറ്റിക്കൽ അവാർഡിനായുള്ള രൂപതാതല തിരഞ്ഞെടുപ്പ് 2012 നവംബർ 17, 18 തീയതികളിലായി പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തി. തിരഞ്ഞെടുക്കപ്പെട്ടവർക്ക് അഭിനന്ദനങ്ങൾ. സഭാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പട്ടവർ : റോമിയോ റോയ്, ത്രിത്വമല; സച്ചിൻ ബാബു, മംഗലംഡാം; സംഗീത സജീവ്, വടക്കഞ്ചേരി; മെറിൻ ജോയ്സ്, ജെല്ലിപ്പാറ.

S.M.C.C അവാർഡ് സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 27, 28, 29 തിയ്യതികളിലായി നടക്കുന്നു.

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ**

10, 11, 12 ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 27-ാം തീയതി ഞായറാഴ്ച നടക്കുന്നതായിരിക്കും. 10-ാം ക്ലാസിന് 75 മാർക്കിലും 12-ാം ക്ലാസിന് 80 മാർക്കിലുമായിരിക്കും പരീക്ഷ. 10, 12 ക്ലാസ്സുകൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് 30% മാർക്കിനുള്ള ചോദ്യങ്ങൾ ആദ്യസെമസ്റ്ററിന്റെ

പാഠ്യഭാഗത്തുനിന്നും ബാക്കി 70% മാർക്കിനുള്ള ചോദ്യങ്ങൾ രണ്ടാം സെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നുമായിരിക്കും. രണ്ടാം സെമസ്റ്റർ എഴുത്തുപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്കുകൾ നിശ്ചയിക്കുന്നത്. എന്നാൽ റിസൾട്ട് തീരുമാനിക്കുവാൻ പാഠ്യേതര ഇനത്തിലുള്ള മാർക്കു കൂടി പരിഗണിക്കുന്നതാണ്.

**I to IX ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 24 ഞായറാഴ്ചയാണ്.

ജനറൽ ക്വിസ് പഠനഭാഗം

| | |
|---|---|
| ക്ലാസ്സ് V - VII | - പേജ് 184-215 |
| ക്ലാസ്സ് VIII - X | - പേജ് 100-132 |
| ക്ലാസ്സ് XI-XII | - പേജ് 134-149 |

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് 2013 മാർച്ച് 3-ാം തീയതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

| | |
|---|---|
| ജനറൽ ക്വിസ് (പേജ് 100-143) | 50 മാർക്ക് |
| മക്കൾ മാലാഖമാർ | 15 മാർക്ക് |
| യേശുനാമം ഏകരക്ഷാ നാമം | 25 മാർക്ക് |
| പൊതുവിജ്ഞാനം | 10 മാർക്ക് |
| ആകെ | - 100 മാർക്ക് |

**റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ**

റെഗുലർ സ്കൂൾ അർദ്ധ വാർഷിക പരീക്ഷ ഡിസംബർ 7-ാം തിയതി വെള്ളിയാഴ്ച നടത്തപ്പെടുന്നു.

X, XI, XII ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2013 ജനുവരി 11-ാം തിയതി വെള്ളിയാഴ്ച നടത്തപ്പെടുന്നതാണ്.

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കുക എന്ന ലക്ഷ്യത്തോടെ കുറുവംമ്പാടി, പുലിയറ, ചിറ്റൂർ എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി







# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് സമ്മാനങ്ങളുടെ വിശദവിവരങ്ങൾ**

**A, B, C, D, E വിഭാഗങ്ങളിൽ**

| | |
|---|---|
| ഒന്നാം സമ്മാനം | Rs 1000/+ KCBC സർട്ടിഫിക്കററ് |
| രണ്ടാം സമ്മാനം | Rs 750/+ KCBC സർട്ടിഫിക്കററ് |
| മൂന്നാം സമ്മാനം | Rs 500/+ KCBC സർട്ടിഫിക്കററ് |
| നാലാം സമ്മാനം | Rs 250/+ KCBC സർട്ടിഫിക്കററ് |
| അഞ്ചാം സമ്മാനം | KCBC നൽകുന്ന പുസ്തകം + സർട്ടിഫിക്കറ്റ് |

സൺഡേ സ്കൂൾ തലം 5 മുതൽ IIHDC വരെയുള്ള ഓരോ ക്ലാസിലേയും 1, 2, 3 സ്ഥാനക്കാർക്ക് രൂപതാ മതബോധനകേന്ദ്രം നൽകുന്ന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കൂടുതൽ അംഗങ്ങളെ രജിസ്റ്റർചെയ്ത ഇടവകകൾക്കും, ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% കുട്ടികളും പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും ഇടവകകൾക്ക് 25 പേരുടെ രജിസ്ട്രേഷന് ഒന്ന് എന്ന അനുപാതത്തിൽ പി ഒ സി തരുന്ന സമ്മാനങ്ങളും രൂപതാതല അവാർഡ്ദാന ദിനമായ **2013 ജനുവരി 26-ാം തിയതി 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ** വെച്ച് നടക്കുന്ന മീറ്റിംഗിൽ അഭിവന്ദ്യപിതാവ് നൽകുന്നതാണ്.

**അഭിനന്ദനങ്ങൾ!**

സംസ്ഥാനതലത്തിൽ ബി വിഭാഗത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കിയ പൊന്നംകോട് ഇടവകാംഗമായ **അമന്റ ബെന്നിയ്ക്കും** എഫ് വിഭാഗത്തിൽ മൂന്നാംസ്ഥാനം കരസ്ഥമാക്കിയ **റവ. സി. ഫിംബർ സി.എം.സി.യ്ക്കും** അഭിനന്ദനങ്ങൾ!

**റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ ബൈബിൾ അപ്പസ്റ്റോലേറ്റ്



# തിരുബാലസഖ്യം

**ഫൊറോന സെമിനാറുകൾ സമാപിച്ചു**

2012-2013 വർഷത്തെ ഫൊറോനതല സെമിനാറുകൾ ഈ വർഷം മനോഹരമായി നടത്തപ്പെട്ടു. സെമിനാറുകൾക്ക് നേതൃത്വം നൽകിയ ബഹു. ജോഷി പുത്തൻപുരയിലച്ചൻ, ടെൻസൻ താനിക്കലച്ചൻ, ബിജു മുരിങ്ങക്കുടിയിലച്ചൻ, ബ്ര. ആന്റണി തേക്കാനത്ത്, സിസ്റ്റർ സ്റ്റെഫി OSF, ശ്രീ ജിജോ കോമ്പേരി എന്നിവർക്ക് ഹൃദയംഗമമായ നന്ദി....

ഓരോ സെമിനാറുകളും മനോഹരമാക്കാൻ അധ്വാനിച്ച ത്ഫൊറോന വികാരിയച്ചന്മാരുടെ കൂടെ ഫൊറോന തിരുബാലസഖ്യം ഡയറക്ടറച്ചനും ആനിമേറ്റേഴ്സുമാണ്. അവരെ എല്ലാവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. കുട്ടികൾക്ക് സെമിനാറുകൾ ഇഷ്ടമായി എന്ന് കരുതുന്നു. തുടർന്നും ഇടവകകളിലെ പ്രവർത്തനങ്ങളിലൂടെ അവരെ വിശ്വാസത്തിൽ വളർത്താൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കണേ.

**ക്രിസ്തുമസ്**

ഉണ്ണീശോയുടെ പിറവി അനുസ്മിക്കാനും സന്തോഷിക്കാനും ഇതാ വീണ്ടുമൊരു ക്രിസ്തുമസ്. എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ മുൻകൂട്ടി നേരുന്നു.

ഈ ക്രിസ്തുമസ് ഒരുക്ക ദിനങ്ങളിൽ കുഞ്ഞുങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ വളർത്താൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കണേ. വിശ്വാസ വർഷത്തിന്റെ പാശ്ചാത്തലത്തിൽ ക്രിസ്തുമസ് കൂടുതൽ ഫലപ്രദമായി ആഘോഷിക്കാൻ പരിശ്രമിക്കുമല്ലോ. കുഞ്ഞുങ്ങളുടെ വീടുകൾ സന്ദർശിക്കുന്നതും അവർ സ്വരൂപിക്കുന്ന കൊച്ചു തുക ഏതെങ്കിലും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതും നല്ലതാണ്. കുഞ്ഞുങ്ങളെ അവധിദിനങ്ങളിൽ ഒരു ദിവസം ദേവാലയത്തിലേക്ക് വിളിച്ച് ദേവാലയം വൃത്തിയാക്കുകയും ചില ക്രിസ്തുമസ് ഗാനങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്യുന്നത് ഉചിതമാണ്. നിങ്ങൾക്കെല്ലാവർക്കും നല്ലൊരു ക്രിസ്തുമസ് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

**ഫാ. ജോമിതേക്കും കാട്ടിൽ**

ഡയറക്ടർ തിരുബാലസഖ്യം

## സി. എൽ. സി

10.11.2012 ന് പൊന്നംകോട് വച്ച് നടന്ന ഏകദിന സെമിനാർ 180 ഓളം യൂണിറ്റംഗങ്ങൾ പങ്കെടുത്തു. സെമിനാറിനായി നേതൃത്വം നൽകിയ യൂണിറ്റ് ഡയറക്ടർമാർ ആനിമേറ്റർമാർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

24.11.2012 ന് മേലാർക്കോട് മേഖലയുടെ സെമിനാർ പോത്തുണ്ടി ദേവാലയത്തിൽ വച്ചു നടന്നു. സെമിനാർ വിജയിപ്പിച്ച എല്ലാ യൂണിറ്റംഗങ്ങൾക്കും, നേതൃത്വം നൽകിയവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

8.12.12 ശനിയാഴ്ച മാർ ഇരുമ്പൻ മെമ്മോറിയൽ പ്രസംഗമത്സരം പാലക്കാട് പാസ്റ്ററൽസെന്ററിൽ വച്ച് നടക്കുന്നു. ഒരു പ്രസംഗം 5 മിനിറ്റായിരിക്കും.





1. മത്സരതിയതി 8.12.12
2. സ്ഥലം പാസ്റ്ററൽ സെന്റർ, പാലക്കാട്
3. സമയം രാവിലെ 10 മണി
4. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 50 രൂപ
5. രജിസ്ട്രേഷൻ സമയം രാവിലെ 9.30
6. ഒരു റൗണ്ട് മത്സരം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ജൂനിയർ സീനിയർ വിഭാഗങ്ങളിലാണ് മത്സരം സംഘടിപ്പിക്കുക.

NB: ആൺ പെൺ വ്യത്യാസമില്ല.

7. ഒരു വിഭാഗത്തിൽ നിന്നും ഓരോ യൂണിറ്റിനെ പ്രതിനിധീകരിച്ച് 2 പേർക്ക് മത്സരിക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്.
8. ജൂനിയർ 01.01.1999 ന് ശേഷം ജനിച്ചവർ, സീനിയർ 01.01.1995 നും 31.12.1998 നും ഇടയ്ക്ക് ജനിച്ചവർ
9. മത്സരാർത്ഥികൾ സി.എൽ.സി ബാഡ്ജ് നിർബന്ധമായും ധരിക്കേണ്ടതാണ്.
10. വിഷയം അഞ്ചുമിനിറ്റിനു മുൻപായിരിക്കും നൽകുക.

Ist Prize 1001 രൂപ + എവർ റോളിങ്ങ് ട്രോഫി, II nd Prize 501 രൂപ

**ഫാ. മാർട്ടിൻ കളമ്പാടൻ**

ഡയറക്ടർ, സി.എൽ.സി.

## കെ. സി. വൈ. എം

**യൂണിറ്റ് തെരഞ്ഞെടുപ്പുകൾ**

K.C.Y.M കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ രൂപതയിലെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ അവസാനിക്കുകയായി. രൂപതാ ഫൊറോന സെനറ്റുകൾക്ക് മുന്നോടിയായി യൂണിറ്റുകളിൽ അടുത്ത പ്രവർത്തന വർഷത്തെ ഭാരവാഹികളെ ഡിസംബർ മാസങ്ങളിൽ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫൊറോന സെനറ്റുകൾ**

ഒരു വർഷത്തെ ഫൊറോന സമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും അടുത്ത പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുമായി ഫൊറോന സെനറ്റുകൾ ഡിസംബർ മാസത്തിൽ തന്നെ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**പിന്നിട്ട വഴികളിലൂടെ ....**

**യൂത്ത് ഫോർ ക്രൈസ്റ്റ്. ഒലവക്കോട് ഫൊറോന**

യുവജനകൺവൻഷൻ യൂത്ത് ഫോർ ക്രൈസ്റ്റ് ഒലവക്കോട് ഫൊറോന യിൽ 27.10.12 ന് ഒലവക്കോട് ഫൊറോന പള്ളിയിൽ വെച്ച് നടന്നു. ബഹു. പ്രസിഡന്റ് ശ്രീ . ജോമി പതാക ഉയർത്തി ആരംഭം കുറിച്ചു. ബഹു. ഫൊറോന വികാരി ഫാ. ജോസ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു മുൻ സിൻഡിക്കേറ്റ് അംഗം കുമാരി. അൽഫോൻസ സംസ്ഥാന സിൻഡി ക്കേറ്റ് അംഗം കുമാരി അനിറ്റ എന്നിവർ ആശംകളർപ്പിച്ച് സംസാരിച്ചു. ബഹു. പ്രസിഡന്റ് ശ്രീ. ക്ലിന്റോ പോൾ ആമുഖവും ഫാ. ടോം. ജി വട ക്കേക്കര ശ്രീ ആർഷോ, ശ്രീ.ഷാരോൺ എന്നിവർ ക്ലാസുകൾ നയിച്ചു. തുടർന്ന് ആരാധനയും വിശ്വാസവർഷ ഉദ്ഘാടനവും നടത്തുകയും ചെയ്തു. 160 യുവജനങ്ങൾ പങ്കെടുത്തു.

**യൂത്ത് ഫോർ ക്രൈസ്റ്റ് മണ്ണാർക്കാട് ഫൊറോന**

മണ്ണാർക്കാട് ഫൊറോനയിൽ യുവജനകൺവെൻഷൻ യൂത്ത്ഫോർ ക്രൈസ്റ്റ് നവംബർ 11ന് പെരിമ്പടാരി പള്ളിയിൽ വെച്ച് നടന്നു. ബഹു പ്രസിഡന്റ് ശ്രീ. വിനീത് പതാക ഉയർത്തി ബഹു. രൂപതാ ഡയറക്ടർ ഫാ. ടോം ജി വടക്കേക്കര, ഫാ. ഷിജുമാവറയിൽ യുവജനങ്ങളക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു. ബഹു ഫൊറോന വികാരി. ഫാ. അബ്രഹം പാല ത്തിങ്കൽ ഉദ്ഘാടനം ചെയ്യുകയും മുൻ രൂപത പ്രസിഡന്റ് ശ്രീ. പ്രിൻസ് കുളമ്പുകാട്ടിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഫാ. ടോം ജി വട ക്കേക്കര,ശ്രീ ആർഷോ,ശ്രീ.ഷാരോൺ എന്നിവർ ക്ലാസുകൾ നയിച്ചു.ബ ഹു. ഫാ. ഷിജോ മാവറയിൽ വിശ്വാസ പ്രമാണം ചൊല്ലികൊടുത്തു. വിശ്വാസ വർഷ ഉദ്ഘാടനം നടത്തുകയും ചെയ്തു 140 യുവജനങ്ങൾ പങ്കെടുത്തു.

**യൂത്ത് ഫോർക്രൈസ്റ്റ് കാഞ്ഞിരപ്പുഴ ഫൊറോന**

കാഞ്ഞിരപ്പുഴ ഫൊറോനയിൽ യുവജനകൺവൻഷൻ യൂത്ത് ഫോർ ക്രൈസ്റ്റ് നവംബർ 24ന് കാഞ്ഞിരപ്പുഴ ഫൊറോന പള്ളിയിൽ നടന്നു. ബഹു.പ്രസിഡന്റ് ശ്രീ. ലിജോ പതാക ഉയർത്തി. ബഹു. കെ.സി. വൈ.എം ഫൊറോന ഡയറക്ടർ ഫാ. ജോഷി പുത്തൻപുരയിൽ ഉദ്ഘാ ടനം ചെയ്യുകയും ചെയ്തു. ഫാ. ടോം ജി വടക്കേക്കര ശ്രീ. ആൻഷോ, ശ്രീ. ഷാരോൺ എന്നിവർ ക്ലാസുകൾ നയിച്ചു. തുടർന്ന. ഫാ. ജോഷിപുത്തൻപുരയിൽ വിശ്വാസ പ്രമാണം ചൊല്ലികൊടുത്തു. വിശ്വാസ വർഷ ഉദ്ഘാടനം നടത്തുകയും ചെയ്തു. 80 യുവജനങ്ങൾ പങ്കെടുത്തു.





**യൂത്ത് ഫോർ ക്രൈസ്റ്റ് പൊന്നംകോട് ഫൊറോന**

പൊന്നംകോട് ഫൊറോന യുവജന സെമിനാർ നവംബർ 25 ന് കരിമ്പ പള്ളിയിൽ നടന്നു. ഫാ. പീറ്റർ കുരുതുകുളങ്ങര പതാക ഉയർത്തി സെമി നാർ ഉദ്ഘാടനം ചെയ്തു. ഫാ. ടോം.ജി വടക്കേക്കര ക്ലാസുകൾ നയിച്ചു. ഫാ. സേവ്യർ മാറാമറ്റംയുവജനങ്ങൾക്കായി വി. കുർബാന അർപ്പിച്ചു. 180 യുവജനങ്ങൾ പങ്കെടുത്തു.

**ഫാ. ടോം ജി. വടക്കേക്കര**

ഡയറക്ടർ, കെ.സി.വൈ.എം.

## ജീസസ് യൂത്ത്

**ഫാമിലി ഗാതറിംഗ്**

പാലക്കാട് ജീസസ് യൂത്ത് ഫാമിലി മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നവം ബർ 13ന് ചൊവ്വാഴ്ച പാസ്റ്ററൽ സെന്ററിൽ ഏകദിന സെമിനാർ നടത്തി. മാതാപിതാക്കളും കുട്ടികളുമടക്കം എൺപതോളം പേർ പങ്കെടുത്ത പ്രോഗ്രാമിൽ ശ്രീ. റെനി ഞാറക്കുളവും ടീമും ക്ലാസ്സുകൾ നയിച്ചു. പ്രോഗ്രാ മിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**

ഡയറക്ടർ, ജീസസ് യൂത്ത്

## മാതൃസംഘം

**രൂപതാതല വാർഷിക ജനറൽബോഡി**

2013 ജനുവരി രണ്ടാംശനിയാഴ്ച (12-01-2013) പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് രാവിലെ 10 മുതൽ 3.30 പിഎം വരെ ജനറൽബോഡി മീറ്റിംഗ് കൂടുന്നു. വാർഷിക റിപ്പോർട്ട് കൊണ്ടുവരണം. രജിസ്ട്രേഷൻ ഫീസ് ഒരം ഗത്തിന് 50 രൂപ. അഫിലിയേഷൻ (2013) ഫോമും തുകയും രൂപതയിൽ ഏൽപ്പിക്കുക.

പങ്കെടുക്കേണ്ടവർ: യൂണിറ്റ് ഭാരവാഹികൾ, ആനിമേറ്റേഴ്സ് (6 പേർ).

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**

ഡയറക്ടർ, മാതൃസംഘം

# ഫാമിലി അപ്പോസ്തലേറ്റ്

## പ്രീകാന കോഴ്സ്

**2012 ഡിസംബർ 3, 4, 5, 6** തിയ്യതികളിൽ **2013 ജനുവരി 7, 8, 9, 10** തിയ്യതികളിൽ, മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

# മദ്യവിരുദ്ധസമിതി

മദ്യവിമുക്തസഭയും സമൂഹവും എന്ന വലിയ ലക്ഷ്യത്തോടെയാണ് കെ. സി.ബി.സി മദ്യവിരുദ്ധസമിതി തുടങ്ങുന്നത്. ഈ ചെറിയ കാലഘട്ടത്തിനകം മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ഓരോ രൂപതയിലും വലിയ തോതിൽ നടത്തിക്കഴിഞ്ഞു. എങ്കിലും ഇന്ന് മദ്യപാനവും അനുകൂലമുള്ള രോഗങ്ങളും വർദ്ധിക്കുന്നു. ശാരീരിക മാനസിക തലത്തിൽ തകർച്ചകൾ കൂടുന്നു. കേരളത്തിലെ വലിയൊരു പങ്ക് യുവജനങ്ങളും മദ്യത്തിന് അടിമകളാകുന്നു. കരൾ രോഗങ്ങളും ആത്മഹത്യ പ്രവണതകളും അക്രമങ്ങളും ഏറി വരുന്നു. മദ്യത്തിന്റെ കുത്തൊഴുക്കിൽപെട്ട് നാശത്തിലേയ്ക്ക് നിപതിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തെ രക്ഷിക്കാൻ നമുക്കാവണം.

**നാം എന്താണ് ചെയ്യേണ്ടത്?**

നിങ്ങളുടെ ഭാവിയും ജീവിതവും നിങ്ങളുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സ്വപ്നമാണ്. അതിനാൽ ബുദ്ധിപൂർവ്വം ആലോചനാപൂർവ്വം പ്രവർത്തിക്കുക.ലഹരിയുടെ പ്രലോഭനത്തിനെതിരെ സ്വയം പ്രതിരോധമുയർത്തുക.

* ലഹരിയുടെ അപകടത്തെക്കുറിച്ച് വ്യാപകമായ അവബോധം വളർത്തുക
* ലഹരിവസ്തുക്കൾ ഉപയോഗിക്കില്ലെന്ന് ദൃഢപ്രതിജ്ഞയെടുക്കുക
* സഹപ്രവർത്തകർ , ബന്ധുമിത്രാധികൾ എന്നിവരെ ലഹരി ഉപയോഗിക്കുന്നതിൽ നിന്ന് പിന്തിപ്പിരിക്കുക.





* ലഹരി ഉപയോഗിക്കാൻ ആരെങ്കിലും പ്രേരിപ്പിച്ചാൽ ആദ്യമായി നിരസിക്കുക
* വീടുകൾ ഏതവസരത്തിലും (ജന്മദിനം, മാമ്മോദീസ, ആദ്യകുർബാന സ്വീകരണം വിവാഹം, മരണം മുതലായ അവസരങ്ങളിലും മറ്റ് ആഘോഷവേളകളിലും ) ലഹരി രഹിതമായി സംരക്ഷിക്കുക
* എന്റെ സുഖം പോലെതന്നെ മറ്റുള്ളവർക്കും അതിന് (ബന്ധുക്കൾ, കുടുംബങ്ങൾ സമൂഹത്തിലെ മറ്റ് വ്യക്തികൾ) അവകാശമുണ്ടെന്ന് മനസ്സിലാക്കുക
* ലഹരിവിരുദ്ധപ്രവർത്തനങ്ങളിൽ പങ്കാളിയാവുക.ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ ലാഘവബുദ്ധിയോടെ കാണുകയും അവഗണിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന സമീപനങ്ങൾ ഒഴിവാക്കുക.
* ലഹരി വിമോചന ചികിത്സാ സേവനം പ്രചോദനപ്പെടുത്തുകയും പ്രയോചനപ്പെടുത്താൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുക.
* ലഹരിപദാർത്ഥങ്ങൾവരുത്തുന്ന അപകടത്തെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുക.
* ജനത്തെ മദ്യം വർജ്ജിക്കാൻ പഠിപ്പിക്കുകയും സർക്കാരിനെ മദ്യം നിരോധിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
* ആത്മഹത്യ കൊലപാതവും പോലെ മദ്യപാനവും തെറ്റാണെന്ന് ജനത്തെ ബോധ്യപ്പെടുത്തുക.
* മദ്യപിക്കുന്ന ഭൂരിപക്ഷത്തോട് ചേർന്ന് മദ്യപാനമെന്ന തിന്മചെയ്യാതിരിക്കുക.

**അറിയിപ്പുകൾ**

1. പാലക്കാട്, മംഗലംഡാം, വടക്കഞ്ചേരി എന്നീ ഫൊറോനകളിൽ ഏകദിന സെമിനാർ നടത്തപ്പെട്ടു. ഏകദിന സെമിനാർ വിജയകരമാക്കാൻ സഹകരിച്ച എല്ലാ മദ്യവിരുദ്ധപ്രവർത്തകർക്കും ക്രമീകരണങ്ങൾ ചെയ്ത ഫൊറോനഡയറക്ടേഴ്സിനും ഇടവക വികാരിമാർക്കും നന്ദി.
2. ഏകദിന സെമിനാറുകൾ നടത്തപ്പെട്ട ഫൊറോനകളിൽ ഫൊറോന സമിതി രൂപീകരിക്കപ്പെട്ടു പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. എല്ലാവരും സഹകരണം നൽകണം.

**ഫാ. ജിജോ പാറയിൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

# പി. എസ്. എസ്. പി.

**കർഷകർക്കൊരു സന്തോഷവാർത്ത**

**ജൈവ കാർഷികോത്പന്നങ്ങളുടെ സംഭരണകേന്ദ്രം**

ജൈവ കാർഷികോത്പന്നങ്ങളുടെയും, അമിത രാസകീടനാശിനി പ്രയോഗില്ലാത്ത സുരക്ഷിത ഭക്ഷ്യവസ്തുക്കളുടേയും സംഭരണത്തിനും വിപണനത്തിനുമുള്ള ക്രമീകരണങ്ങൾ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയിൽ പൂർത്തിയായിവരുന്നു. ഗ്രീൻ ലിവിംഗ് അഗ്രി ബിസിനസ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്നാണ് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത്. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, അരി, നാളികേരം, വെളിച്ചെണ്ണ തുടങ്ങി എല്ലാത്തരം ഗാർഹിക നിത്യോപയോഗ ജൈവ വസ്തുക്കളും വിപണിവിലയിൽനിന്നും25% ഉയർത്തി സംഭരിക്കുന്നതാണ്. അഗളി, മണ്ണാർക്കാട്,ചിറ്റൂർ, നെന്മാറ, വടക്കഞ്ചേരി, ഒറ്റപ്പാലം എന്നിവിടങ്ങളിൽ പ്രാദേശിക സംഭരണകേന്ദ്രങ്ങളുണ്ടാകും. അമിത രാസവസ്തുക്കൾ ഉപയോഗിക്കാതെയും , പ്രകൃതി ജൈവരീതിയിലും കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുവാനും വാങ്ങുവാനും താൽപ്പര്യമുള്ളവർ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുമായി ബന്ധപ്പെടുക.

ഫോൺ:0491 2520395,2527784,9447020395,9446273703

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

5-12-12ന് ബുധനാഴ്ച കാലത്ത് 11 മണിക്ക് ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് പി.എസ്.എസ്.പി.യിൽവെച്ച് നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗ്**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 10.12.2012 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11am |
| 12.12.2012 | ബുധൻ | മണ്ണാർക്കാട് | - | 11am |
| 13.12.2012 | വ്യാഴം | ശ്രീകൃഷ്ണപുരം | - | 11am |
| 14.12.2012 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 11am |
| 17.12.2012 | തിങ്കൾ | അട്ടപ്പാടി | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 11am |
| 19.12.2012 | ബുധൻ | നെന്മാറ | പാരീഷ് ഹാൾ, നെന്മാറ | 11am |
| 27.12.2012 | ബുധൻ | ആലത്തൂർ | FCCവടക്കഞ്ചേരി | 11am |





**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 17.12.2012 | തിങ്കൾ | ഗൂളിക്കടവ്, അട്ടപ്പാടി | 11am to 2pm |
| 18.12.2012 | ചൊവ്വ | സാൻജോ ടവർ, പാലക്കാട് | 11am to 3pm |
| 19.12.2012 | ബുധൻ | നെന്മാറ, പാരീഷ് ഹാൾ | 11am to 2pm |
| 20.12.2012 | വ്യാഴം | കരിമ്പ, പാരീഷ് ഹാൾ | 11am to 2pm |
| 27.12.2012 | ബുധൻ | FCC വടക്കഞ്ചേരി | 11am to 1pm |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം**

സോപ്പ്, സോപ്പുല്പന്നങ്ങൾ തുടങ്ങി 10 തരം ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയിൽ താഴെപറയുന്ന തിയതികളിൽ രണ്ടു ദിവസത്തെ പരിശീലനം നൽകുന്നു.

ഈ മാസത്തെ പരിശീലനം ഡിസംബർ 7, 8 തീയിത - അകമലവാരം.

**സേവ് എ ഫാമിലി റീജിയൺ മീറ്റിംഗുകൾ**

സേവ് എ ഫാമിലി സ്കീമിന്റെ മൂന്നു റീജിയണുകളിലുള്ള എല്ലാ ഗുണഭോക്താക്കൾക്കുംവേണ്ടി റീജിയൺ മീറ്റിംഗുകൾ താഴെപറയുന്ന തീയതികളിൽ നടത്തുന്നു. പ്രസ്തുത മീറ്റിംഗുകൾ ബഹു. സ്പോൺസർമാരും ഗുണഭോക്താക്കളും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

| തിയ്യതി | റീജിയൺ | സ്ഥലം | സമയം |
|---|---|---|---|
| 08.12.2012 | അട്ടപ്പാടി | സെന്റ് പീറ്റേഴ്സ് ചർച്ച് ഹാൾ ജെല്ലിപ്പാറ | 10am - 1pm |
| 10.12.2012 | ആലത്തൂർ | ലൂർദ്ദ് മാതാ ചർച്ച് ഹാൾ വടക്കഞ്ചേരി | 10am - 1pm |

15.12.2012 ഒറ്റപ്പാലം
& പാലക്കാട് പി.എസ്.എസ്.പി., പാലക്കാട് 10am - 1pm

**പൊലിമയുമായി കേരളാ കൃഷിവകുപ്പ് സഹകരിക്കുന്നു.**

**പൊലിമ കാർഷികോത്സവം 2013**

മാന്യ മിത്രമെ,

പാലക്കാടൻ മണ്ണിന്റെ പെരുമയും വിളകളുടെ പൊലിമയും തൊട്ടറിയാനും കൃഷിയുടെയും കർഷകന്റെയും മഹത്വം തുറന്നു കാണിക്കാനും കൂട്ടായ പ്രവർത്തനങ്ങളിലൂടെ പാലക്കാടിന്റെ മഹത്തായ കാർഷിക പൈതൃകം ഊട്ടി ഉറപ്പിച്ചുകൊണ്ട് അതിൽ ഭാഗഭാക്കുകളാകാനും ജൈവ, പ്രകൃതി കൃഷിയുടെ മഹനീയത പൊതുജന സമക്ഷം എടുത്തുകാണിക്കുന്നതിനുമായി പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പാലക്കാടും ആത്മയും (കേരള കൃഷി വകുപ്പ്) സംയുക്തമായി ജില്ലാതല കാർഷിക പ്രദർശനവും സെമിനാറും സംഘടിപ്പിക്കുന്നു.

പ്രകൃതി കൃഷിക്ക് മുൻഗണന നൽകി ക്കൊണ്ടുള്ള കൃഷി രീതികൾ, സുരക്ഷിത ഭക്ഷണം, പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്ക്കരണം, ആരോഗ്യം, വിജ്ഞാനം, മൃഗസംരക്ഷണം, പാരമ്പര്യേതര ഊർജ്ജവിനിയോഗം, വിവിധ വികസന മുന്നേറ്റ മാതൃകകൾ തുടങ്ങി വിവിധ മേഖലകളെ ഒരു കുടക്കീഴിൽ അണിനിരത്തുന്നു. കാർഷികോല്പന്ന ങ്ങളുടെയും കാർഷികോല്പാദനോപാധികളു ടെയും പ്രദർശനം, വിപണനം, സെമിനാറുകൾ, സിമ്പോസിയം, ചർച്ചാ ക്ലാസ്സുകൾ, സാങ്കേതിക പരിശീലനങ്ങൾ, ഭക്ഷ്യ മേളകൾ, മത്സരങ്ങൾ, വിവിധ കലാപരിപാടികൾ തുടങ്ങിയവമേളയ്ക്ക് മാറ്റേകുന്നു. കാർഷിക മേഖലയുടെ സ്പന്ദനങ്ങൾ ക്ക് പുത്തനുണർവ്വ് നല്കുന്ന ഈ ഉദ്യമത്തിൽ സമൂഹത്തിലെ നാനാതുറകളിലുള്ള പ്രമുഖർ, രാഷ്ട്രീയ- സാമൂഹ്യ- സാംസ്ക്കാരിക- ആത്മീയ നായകന്മാർ, കാർഷിക സർവ്വകലാശാല വിദഗ്ധർ, കർഷക അവാർഡ് ജേതാക്കൾ, പരമ്പരാഗത കർഷകർ, യുവകർഷകർ, സന്നദ്ധസംഘടനാ പ്രതി നിധികൾ തുടങ്ങിയവർ പങ്കെടുക്കുന്നു. 2013 ജനുവരി 4, 5, 6, 7 തിയ്യതികളിൽ പാലക്കാടിന്റെ തിരുമുറ്റത്ത് മുനിസിപ്പൽ ടൗൺഹാളിൽ വച്ച് നടത്തപ്പെടുന്ന പൊലിമ കാർഷികോത്സവത്തിലേയ്ക്ക് ഏവർക്കും ഹൃദ്യമായ സ്വാഗതം.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





## From the Bishop's Diary

**2012 ഒക്ടോബർ**

27 - പാലക്കാട് ജയ്ക്രിസ്റ്റോ കോൺവെന്റിൽ സി.എം.സി. പ്രൊവിൻസ് ഡെ യോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

- പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് എ.കെ.സി.സി.യുടെ രൂപതാതല ഉദ്ഘാടനം നിർവ്വഹിച്ചു.

28 - ചിറ്റിലഞ്ചേരി ജപമാലറാണി ദൈവാലയത്തിൽ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു, സന്ദേശം നൽകി.

30 - അരമനയിൽവെച്ച് നടന്ന വള്ളിയോട് പോളിടെക്നിക്ക് കോളേജിന്റെ ഗവേണിംങ്ങ് ബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിച്ചു.

- പാലന ആശുപത്രിയിൽ ജപമാല സമാപനത്തോടനുബന്ധിച്ച് സന്ദേശം നൽകി.

31 - കാഞ്ഞിരപ്പുഴ സെന്റ് തോമസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പുതിയതായി നിർമ്മിക്കുന്ന ഗ്രോട്ടോയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

- ധോണിയിൽ ക്രിസ്റ്റീൻ റിട്രീറ്റ് ടീമിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അഖണ്ഡജപമാലറാലിയിൽ സംബന്ധിച്ചവർക്ക് സെന്റ് ജെയിംസ് ദി ഗ്രേറ്റ് ദൈവാലയത്തിൽ സമാപനസന്ദേശം നൽകി.

**2012 നവംബർ**

1 - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ സെമിനാരി പ്രൊഫസേഴ്സിന്റെ സമ്മേളനത്തിൽ സംബന്ധിച്ചു.

- ഹിമാചൽ പ്രദേശ് ചീഫ് ജസ്റ്റിസ് കുര്യൻ ജോസഫിന് അരമനയിൽ സ്വീകരണം നൽകി.

2 - മരിച്ചവരുടെ ഓർമ്മദിനത്തോടനുബന്ധിച്ച് പാലക്കാട് കത്തീഡ്രൽ സെമിത്തേരിയിൽ വി. കുർബാനയർപ്പിച്ചു.

- മുണ്ടൂർ യുവക്ഷേത്ര കോളേജിൽ പുതുതായി ആരംഭിച്ച കോഴ്സുകൾ ഉദ്ഘാടനം ചെയ്തു.

- മണ്ണാർക്കാട് ഹോളി സ്പിരിറ്റ് ഇടവകയിലെ പുനർനിർമ്മിച്ച സെമിത്തേരി വെഞ്ചരിച്ചു, വി. കുർബാനയർപ്പിച്ചു.

3 - കത്തീഡ്രലിൽ സെറാഫിക് പ്രൊവിൻസിലെ നവസന്യാസാർത്ഥിനികളുടെ പ്രഥമ വൃതവാഗ്ദാന ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

4 - കോടംതുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ മേജർ ആർച്ചുബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പിതാവുമൊത്ത് വി. കുർബാനയർപ്പിച്ചു.

5 - പി.ഒ.സി.യിൽ കെ.സി.ബി.സി. ഹെൽത്ത് കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

5-14- ഹോളി ലാൻന്റ് സന്ദർശിച്ചു.

14 - മണ്ണൂത്തി ഹോളിഫാമിലി ജനറലേറ്റിൽ സന്യാസിനികളുടെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

15 - വള്ളിയോട് പോളിടെക്നിക്ക് കോളേജ് സന്ദർശിച്ചു.

16 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

17 - മതബോധനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട എസ്.എം.സി.സി. അവാർഡിനുള്ള സെമിനാറിൽ സംബന്ധിച്ചവർക്ക് ക്ലാസ്സെടുത്തു.

18 - രാജഗിരി സെക്രട്ട് ഹാർട്ട് ദൈവാലയത്തിൽ ഫാ. ആന്റോ അരീക്കാട്ടിന്റെ പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

- നവീകരിച്ച കണ്ണമ്പ്ര സെന്റ ജോസഫ് ദൈവാലയം ആശീർവദിച്ചു, വി. കുർബാനയർപ്പിച്ചു.

- മമ്മിയൂരിൽ സിസ്റ്റർ എഡ്വേർഡ് ചിറ്റിലപ്പള്ളിയുടെ മൃതദേഹത്തിൽ ഒപ്പീസുപാടി

19 - കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയുടെ ജനറൽബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷംവഹിച്ചു.





21 - കാത്തലിക്ക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇൻഡ്യ (CHAI)യുടെയും CHAI കേരളയുടെയും സംയുക്തമീറ്റിംഗിൽ സംബന്ധിക്കുന്നതിന് എറണാകുളത്ത് എത്തി.

22 - CHAI ജനറൽബോഡിയുടെ ഉദ്ഘാടനസമ്മേളനത്തിൽ സംബന്ധിച്ചു.

- CHAI കേരളയുടെ ഗോൾഡൻജൂബിലി മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിച്ചു. സമ്മേളനം കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു.

23 - CHAI കേരളയുടെ ഗോൾഡൻജൂബിലിയോടനുബന്ധിച്ചുള്ള കൃതജ്ഞതാബലിയർപ്പണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

24 - തിരുമുടിക്കുന്ന് ദൈവാലയത്തിൽ ഫാ. ജെയിംസ് പെരേപ്പാടന്റെ മാതാപിതാക്കൾക്കുവേണ്ടിയുള്ള കുർബാനയ്ക്ക് പ്രധാന കാർമ്മികത്വംവഹിച്ചു.

25 - പന്തലാംപാടം നിത്യസഹായമാതാ ദൈവാലയത്തിൽ വാർഷികധ്യാനസമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു, ധ്യാനസന്ദേശം നൽകി.

- രാമനാഥപുരത്ത് മാർ പോൾ ആലപ്പാട്ട് പിതാവിന്റെ പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

26 - സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ അൽഫോൻസാ മ്യൂസിയം വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു.

- കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിൽ സംബന്ധിച്ചു.

27 - അട്ടപ്പാടി ചിറ്റൂരിൽ എസ്.എ.ബി.എസ്. സന്യാസിനി സമൂഹത്തിന്റെ നവീകരിച്ച വിമലഭവൻ കോൺവെന്റ് വെഞ്ചിരിച്ചു. വി. കുർബാനയർപ്പിച്ചു.